പന്ത്രണ്ടാം കേരള നിയമസഭ

# സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി (2006–2008)

## മൂന്നാമത് റിപ്പോർട്ട്

(തിരുവനന്തപുരം നളന്ദാ ഗവൺമെന്റ് വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്)

(2008 മാർച്ച് മാസം 11-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2008

പന്ത്രണ്ടാം കേരള നിയമസഭ

# സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി

## (2006–2008)

മൂന്നാമത് റിപ്പോർട്ട്

തിരുവനന്തപുരം നളന്ദാ ഗവൺമെന്റ് വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്

(2008 മാർച്ച് മാസം 11–ാം തീയതി സമർപ്പിച്ചത്)

306/2008.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം — I | .. | 6 |
| അനുബന്ധം — II | .. | 14 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷ</u> :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

<u>അംഗങ്ങൾ</u> :

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
ശ്രീമതി പി. അയിഷാ പോറ്റി
,, ഇ. എസ്. ബിജി മോൾ
പ്രൊഫ. എൻ. ജയരാജ്
ശ്രീ. കെ. സി. കുഞ്ഞിരാമൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. എൻ. ശക്തൻ
ശ്രീമതി കെ. എസ്. സലീഖ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി വി. ജയലക്ഷ്മി അമ്മ, ജോയിന്റ് സെക്രട്ടറി
ശ്രീ. എം. അബ്ദുൾറാഫി, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി കെ. വിജയമ്മ, അണ്ടർ സെക്രട്ടറി
,, വി. ആർ. ലക്ഷ്മിക്കുട്ടി, അണ്ടർ സെക്രട്ടറി.

# ആമുഖം

സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തിരുവനന്തപുരം നളന്ദാ ഗവൺമെന്റ് വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ പ്രവർത്തനം സംബന്ധിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2008 ഫെബ്രുവരി മാസം 4-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. കെ. ശൈലജ ടീച്ചർ,

അദ്ധ്യക്ഷ,
സ്ത്രീകളുടേയും കുട്ടികളുടേയും
വികലാംഗരുടേയും ക്ഷേമം
സംബന്ധിച്ച സമിതി.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
2008, മാർച്ച്, 11.

# റിപ്പോർട്ട്

## തിരുവനന്തപുരം നളന്ദാ ഗവൺമെന്റ് വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ പ്രവർത്തനം സംബന്ധിച്ച് സമിതിയുടെ (2006–08) മൂന്നാമത് റിപ്പോർട്ട്

സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന കുറഞ്ഞ വരുമാനക്കാരായ വനിതകൾക്ക് താമസിക്കുന്നതിനായി മരാമത്തു വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒരു ഹോസ്റ്റലാണ് നളന്ദാ ഗവൺമെന്റ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ. ഈ ഹോസ്റ്റൽ വനിതാ ജീവനക്കാർക്ക്, പ്രത്യേകിച്ച് ദൂരെ സ്ഥലങ്ങളിൽ നിന്നും തിരുവനന്തപുരം നഗരത്തിലെ സർക്കാർ ഓഫീസുകളിൽ വന്ന് ജോലി ചെയ്യുന്ന ഉദ്യോഗസ്ഥകൾക്ക് ഒരു അനുഗ്രഹമാണെന്ന് പറയേണ്ടതില്ല.

ഈ ഹോസ്റ്റലിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിനും അന്തേവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് ഹോസ്റ്റലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി ഇടപെടണമെന്നാവശ്യപ്പെട്ട് അന്തേവാസികളിൽ നിന്ന് നിരവധി പരാതികളും നിർദ്ദേശങ്ങളും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി (1996–98) 1–2–1996, 14–11–1996 എന്നീ തീയതികളിൽ ഹോസ്റ്റൽ സന്ദർശിക്കുകയും ഹോസ്റ്റലിന്റെ സുഗമമായ പ്രവർത്തനത്തിന് സഹായകരമാവുന്ന 15 ശുപാർശകൾ ഉൾപ്പെടുത്തി സമിതിയുടെ മൂന്നാമത് റിപ്പോർട്ട് 1997 ഫെബ്രുവരി 23–ാം തീയതി നിയമസഭയിൽ സമർപ്പിച്ചു. ശുപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ട് ഗവൺമെന്റിലേയ്ക്ക് അയയ്ക്കകയുണ്ടായി. 21–8–1999–ലെ 16680/ഇ3/96/പൊ.മ.വ. നമ്പർ കത്തു പ്രകാരം ഗവൺമെന്റിൽ നിന്ന് ആക്ഷൻ ടേക്കൺ റിപ്പോർട്ട് ലഭിച്ചു. വീണ്ടും പല തവണ ലഭിച്ച പരാതികളെ തുടർന്ന് സമിതി ഹോസ്റ്റൽ സന്ദർശിക്കുകയും ഹോസ്റ്റലിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അപ്പപ്പോൾ നൽകുകയും ചെയ്തിട്ടുണ്ട്.

2004–2006 ലെ സമിതി 1996–98–ലെ സമിതിയുടെ മൂന്നാമത് റിപ്പോർട്ടിന്മേൽ ഗവൺമെന്റിൽ നിന്ന് ലഭിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും ഗവൺമെന്റ് സ്വീകരിച്ച നടപടികളിന്മേൽ സമിതിയുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൾക്കൊള്ളുന്ന സിമിതിയുടെ (2004–2006) പതിനാറാമത് റിപ്പോർട്ട് തയ്യാറാക്കി 20–2–2006–ന് നിയമസഭയിൽ സമർപ്പിക്കുകയും തുടർന്ന് അനന്തര നടപടികൾക്കായി റിപ്പോർട്ട് ഗവൺമെന്റിലേക്ക് അയയ്ക്കുകയും ചെയ്തു. പതിനാറാമത് റിപ്പോർട്ടിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് 26–10–2006–ലെ 4973/ഇ3/06/പൊ.മ.വ. നമ്പർ കത്ത് പ്രകാരവും 14–8–2007 ലെ 4973/ഇ3/06/പൊ.മ.വ. നമ്പർ കത്ത് പ്രകാരവും ഗവൺമെന്റിൽ നിന്ന് റിപ്പോർട്ട് ലഭിക്കുകയുണ്ടായി. (അനുബന്ധം 1)

ഈ സമിതി (2006–08) യുടെ മുമ്പിലും ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് അന്തേവാസികളിൽ നിന്ന് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. ഹോസ്റ്റലിലെ അന്തേവാസികളിൽ ചിലർ വ്യത്യസ്ത ഗ്രൂപ്പുകളായി നിന്ന് പ്രശ്നങ്ങളുണ്ടാക്കുന്നുവെന്നും ഹോസ്റ്റൽ അന്തേവാസിയായിരുന്ന പി.ഡബ്ല്യു.ഡി.

ജീവനക്കാരിയായ എസ്റ്റേറ്റ് ഓഫീസർ ശ്രീമതി പി. ഒ. മേരിക്കുട്ടിക്ക് പകരം മറ്റൊരു അന്തേവാസിയായ ശ്രീമതി ജസീന്തമോറിസ് എന്ന കേന്ദ്ര ഗവൺമെന്റ് ജീവനക്കാരിയെ നിയമിച്ചത് ഭൂരിഭാഗം അന്തേവാസികൾക്കും അംഗീകരിക്കാൻ കഴിയുന്നില്ലെന്നുമായിരുന്നു പരാതികളുടെ കാതൽ.

ഹോസ്റ്റലിലെ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിനായി സമിതി 31-7-2007-ന് ഹോസ്റ്റൽ സന്ദർശിക്കുകയും ഹോസ്റ്റൽ അന്തേവാസികളിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. നിസ്സാരപ്രശ്നങ്ങൾക്ക് പോലും ഹോസ്റ്റലിലെ ചില അന്തേവാസികൾ പരസ്പരം കലഹിക്കുന്ന അവസ്ഥയാണുള്ളതെന്നും ഹോസ്റ്റൽ ഭംഗിയായി നടത്തിക്കൊണ്ട് പോകുന്നതിന് പൊതുമരാമത്ത് വകുപ്പധികൃതർ വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കുന്നില്ലെന്നും സമിതി തെളിവെടുപ്പ് നടത്താൻ ഉപയോഗിച്ച കോൺഫറൻസ് ഹാൾ പോലും വൃത്തിഹീനമായി കിടന്നിരുന്നത് തന്നെ ഇതിന് വ്യക്തമായ തെളിവാണെന്നും സന്ദർശനവേളയിൽ സമിതിക്ക് ബോധ്യപ്പെട്ടു.

31-7-2007-ലേയും 16-8-2007-ലേയും യോഗത്തിൽ സമിതി (2004-2006) യുടെ 16-ാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി പരിശോധിച്ചു. ഹോസ്റ്റലിൽ ഒരു സ്ഥിരം വനിതാ വാർഡനെ നിയമിക്കണമെന്ന സമിതി ശുപാർശയുൾപ്പെടെ പല സുപ്രധാന ശുപാർശകളിലും വകുപ്പ് നടപടി സ്വീകരിക്കാത്തതിൽ സമിതിക്കുള്ള കടുത്ത അസംതൃപ്തി രേഖപ്പെടുത്തുകയും 16-8-2007-ലെ തെളിവെടുപ്പ് യോഗത്തിൽ ഇക്കാര്യം സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്തു.

നളന്ദാ ഗവൺമെന്റ് ഹോസ്റ്റലിൽ 31-7-2007-ന് സമിതി നടത്തിയ സന്ദർശനത്തിന്റേയും ടി ദിവസവും 16-8-2007, 8-1-2008 എന്നീ തീയതികളിലും സമിതി നടത്തിയ തെളിവെടുപ്പുകളിലും ലഭിച്ച വിവരങ്ങൾ അടിസ്ഥാനമാക്കി താഴെ പറയുന്ന ശുപാർശകളിൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

1. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരും ഗസറ്റഡ് ഓഫീസർമാരും, സർവ്വീസിൽ നിന്നും വിരമിച്ചവരുമായ ആളുകൾ ഇപ്പോഴും ഹോസ്റ്റലിൽ താമസിക്കുന്നുവെങ്കിൽ അവരെ അടിയന്തിരമായി നോട്ടീസ് നൽകി ഒഴിപ്പിക്കണമെന്നും അപ്രകാരം വരുന്ന ഒഴിവുകളിലേക്ക്, ഹോസ്റ്റൽ പ്രവേശനത്തിന് അപേക്ഷ നൽകി കാത്തിരിക്കുന്ന അർഹതപ്പെട്ട ക്ലാസ്- III, ക്ലാസ്- IV ജീവനക്കാർക്ക് മുൻഗണനാടിസ്ഥാനത്തിൽ പ്രവേശനം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഗവൺമെന്റ് സർവ്വന്റ്സ് ഹോസ്റ്റലുകളിൽ മുറി അനുവദിക്കുന്നതിനുള്ള മാർഗ്ഗ രേഖകൾ ഉൾക്കൊള്ളുന്ന 15-1-1972-ലെ ജി.ഒ.(എം.എസ്.)നംമ്പർ 12/72/PW ഉത്തരവിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കാണ് മുറികൾ അനുവദിക്കേണ്ടത് എന്ന് വ്യക്തമായി പറയുന്നുണ്ട്. കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ഒരു സാഹചര്യത്തിലും മുറി അനുവദിക്കാമെന്ന് പറയുന്നില്ല. കേന്ദ്ര സർക്കാർ ജീവനക്കാർക്ക് നളന്ദാ ഗവൺമെന്റ് വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ മുറി അനുവദിച്ചതും കേന്ദ്ര സർക്കാർ ജീവനക്കാരിയായ ശ്രീമതി ജസീന്താ മോറിസിനെ ഹോസ്റ്റൽ വാർഡനായി നിയമിച്ചതും ഏത് സാഹചര്യത്തിലാണെന്ന് സമിതിക്ക്

ബോധ്യമായിട്ടില്ല. സമിതിയുടെ ഇടപെടൽമൂലം സമിതിക്ക് 7-1-2008-ലെ 4973/ഇ3/07/ പൊ.മ.വ. നമ്പരായി ലഭ്യമാക്കിയ റിപ്പോർട്ടിൽ മേലിൽ കേന്ദ്ര സർക്കാർ ജീവന ക്കാർക്കോ ഗസറ്റഡ് തസ്തികയിലുള്ളവർക്കോ മുറികൾ അലോട്ട് ചെയ്യുകയില്ലെന്ന് സമിതിക്ക് നൽകിയ ഉറപ്പ് കർശനമായി പാലിക്കണമെന്നും നിലവിൽ ഹോസ്റ്റലിൽ തുടരുന്ന കേന്ദ്ര സർക്കാർ ജീവനക്കാരേയും ഗസറ്റഡ് ഉദ്യോഗസ്ഥരേയും നിർബന്ധ മായും ഒഴിപ്പിക്കണമെന്നും ഈ ഒഴിവുകളിൽ ക്ളാസ്-3, ക്ലാസ്-4 ജീവനക്കാർക്ക് പ്രവേശനം നൽകണമെന്നും ഹോസ്റ്റൽ അഡ്മിഷന് ഹോസ്റ്റലിൽ വരുന്ന ഒഴിവുകൾ പത്രങ്ങൾ വഴി പരസ്യപ്പെടുത്തണമെന്നും 15-1-1972 ലെ ജി.ഒ.(എം.എസ്) നമ്പർ 12/72/ പി.ഡബ്ല്യു. നമ്പർ ഉത്തരവിലെ മാർഗ്ഗരേഖകൾ കൃത്യമായി പാലിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

2. സംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്ന് വേണ്ടത്ര അപേക്ഷ ലഭ്യമല്ലാത്ത സാഹചര്യം നിലവിലില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഹോസ്റ്റൽ പ്രവേശനം സംസ്ഥാന സർക്കാർ സർവീസിലേയോ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലേയോ ക്ലാസ്- III, ക്ലാസ്- IV ജീവനക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നും, അഡ്മിഷൻ കാര്യത്തിൽ സീനിയോറിറ്റി കർശനമായി പാലിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

3. വനിതകളായ ഒരു ചീഫ് വാർഡനേയും ഒരു അസിസ്റ്റന്റ് വാർഡനേയും നിയമിക്കണമെന്ന് സമിതി (1996-98) യുടെ മൂന്നാമത് റിപ്പോർട്ടിലും ഒരു ഫുൾടൈം വനിതാ വാർഡനെ നിയമിക്കണമെന്ന് സമിതി (2004-2006) യുടെ 16-ാമത് റിപ്പോർട്ടിലും ശുപാർശ ചെയ്തിരുന്നുവെങ്കിലും ഇതുവരെ ഹോസ്റ്റലിൽ ഒരു സ്ഥിരം വാർഡനെപ്പോലും നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലെന്ന് സമിതിയുടെ 16-8-2007-ലെ യോഗത്തിലും സമിതിക്ക് ബോധ്യപ്പെട്ടു. 30-3-2001-ലെ ജി.ഒ. (ആർ.ടി) നംമ്പർ 422/2001/പി.ഡബ്ല്യു.ഡി. പ്രകാരം തിരുവനന്തപുരം സൗത്ത് സർക്കിൾ ബിൽഡിംഗ്സ് ആന്റ് ലോക്കൽ വർക്ക്സ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിലുള്ള ഒരു യു.ഡി. ക്ലാർക്ക് തസ്തിക നളന്ദ ഹോസ്റ്റലിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് വാർഡൻ നിയമനത്തിന് ഉത്തരവുണ്ടെങ്കിലും ടി തസ്തികയിൽ നിയമനം നടത്താതിരുന്നതാണ് ഹോസ്റ്റലിലെ എല്ലാ പ്രശ്നങ്ങൾക്കും കാരണമെന്ന് സമിതി മനസ്സിലാക്കുന്നു. ഇപ്പോൾ പോലും വർക്കിംഗ് അറേഞ്ച്മെന്റ് മുഖേന തേർഡ് ഗ്രേഡ് ഓവർസീയറെ യാണ് വാർഡനായി നിയമിച്ചിരിക്കുന്നത്. ഗവൺമെന്റ് ഉത്തരവിന്റെ അന്തസത്ത ഉൾക്കൊണ്ട് യു.ഡി. ക്ളാർക്ക് റാങ്കിലുള്ള ഉദ്യോഗസ്ഥയെ സ്ഥിരം ഫുൾടൈം വാർഡ നായി നിയമിക്കാൻ നടപടിയുണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4. ഹോസ്റ്റലിൽ കോമൺമെസ്സ് സമ്പ്രദായം നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് സമിതി (2004-06) യുടെ 16-ാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. അന്തേവാസികൾ അവരവരുടെ മുറികളിൽ ഗ്യാസ് സ്റ്റൗ ഉപയോഗിക്കുന്നതും ആഹാരം പാചകം ചെയ്യുന്നതും ഇപ്പോഴും തുടരുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. കുടുസ്സായ മുറികളിൽ ഗ്യാസ് സ്റ്റൗ ഉപയോഗിക്കുന്നതും ഭക്ഷണം പാകം ചെയ്യുന്നതും മുറികൾ വൃത്തിഹീനമാക്കുന്നത് കൂടാതെ അപകട സാധ്യത വർദ്ധിപ്പിക്കുന്നതായും സമിതി കരുതുന്നു. 07-1-2008-ലെ കത്ത് പ്രകാരം പൊതുമരാമത്ത് വകുപ്പ് സമിതിക്ക് ലഭ്യമാക്കിയ അന്തിമ റിപ്പോർട്ടിലും കോമൺ

മെസ്സ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് അന്തേവാസികളുടെ എതിർപ്പിനെ തുടർന്ന് അന്തിമ തീരുമാനം എടുത്തിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ അന്തേവാസികൾ അവരവരുടെ മുറികളിൽ ഭക്ഷണം പാചകം ചെയ്യുന്ന നിലവിലുള്ള സംവിധാനം അടിയന്തിരമായി അവസാനിപ്പിക്കണമെന്നും കുടുംബശ്രീ പോലുള്ള സംഘടനകളിൽ നിന്ന് സ്ത്രീകളുടെ സേവനം ലഭ്യമാക്കി കോമൺമെസ്സ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

5. ഹോസ്റ്റലിൽ പാലിക്കേണ്ട പൊതുനിയമങ്ങൾ അന്തേവാസികൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്നും ഇക്കാര്യത്തിൽ അന്തേവാസികൾക്കിടയിൽ വിവേചനം കാണിക്കരുതെന്നും സമിതി ശുപാർശ ചെയ്യുന്നു. നിയമങ്ങൾ പാലിക്കാത്ത അന്തേവാസികൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6. ഓരോ വർഷവും അന്തേവാസികളിൽ നിന്ന് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് വാങ്ങണമെന്നും ഇത് സമർപ്പിക്കാൻ തയ്യാറാകാത്തവരെ ഹോസ്റ്റലിൽ നിന്ന് പുറത്താക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. പുതുതായി ഹോസ്റ്റലിൽ താമസിക്കാൻ വരുന്നവർക്ക് അഞ്ച് വർഷത്തേക്ക് മാത്രം താമസിക്കാൻ അനുവാദം നൽകിയാൽ മതിയാവുമെന്നും നിലവിൽ അഞ്ച് വർഷത്തിലധികമായി ഹോസ്റ്റലിൽ താമസിക്കുന്നവർക്കും വളരെ അത്യാവശ്യഘട്ടങ്ങളിൽ മാത്രം ഹോസ്റ്റലിൽ തുടരുന്നതിന് അനുമതി പുതുക്കി നൽകിയാൽ മതിയാവുമെന്നും ഇങ്ങനെ അനുമതി പുതുക്കി നൽകുമ്പോൾ ദൂരപരിധി മാനദണ്ഡമാക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

7. ഹോസ്റ്റലിലെ അന്തേവാസികളിൽ ചിലർ പരസ്പരം കലഹിക്കുന്നതായും നിസ്സാര പ്രശ്നങ്ങൾക്ക് ഗ്യാങ്ങുകൾ രൂപീകരിച്ച് ഹോസ്റ്റലിന്റെ പ്രവർത്തനം താളം തെറ്റിക്കുന്നതായും സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ഇതൊഴിവാക്കണമെന്നും അന്തേവാസികളിൽ പരസ്പര സഹകരണവും ഐക്യവും വളർത്തുന്നതിനായി ഹോസ്റ്റലിൽ കലാസാംസ്ക്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു.

8. പൊതുമരാമത്ത് വകുപ്പിന്റെ മൗനാനുവാദത്തോടെ അന്തേവാസികളിൽ ചിലർ ടി.വി., ഫ്രിഡ്ജ്, ഹീറ്റർ തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങൾ മുറികളിൽ ഉപയോഗിക്കുന്നതായി സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. 7-1-2008-ലെ കത്ത് പ്രകാരം പൊതുമരാമത്ത് വകുപ്പ് സമിതിക്ക് ലഭ്യമാക്കിയ അന്തിമ റിപ്പോർട്ടിൽ അമിതമായ വൈദ്യുതി ചാർജ്ജ് നിയന്ത്രിക്കുന്നതിന് ജനുവരി മാസം മുതൽ റേഡിയോ ഒഴികെയുള്ള ഒരു ഇലക്ട്രിക്കൽ ഉപകരണത്തിന് മാസം 100 രൂപ ക്രമത്തിലും രണ്ടു ഇലക്ട്രിക്കൽ ഉപകരണം ഉണ്ടെങ്കിൽ 200 രൂപ ക്രമത്തിലും മൂന്നു ഇലക്ട്രിക്കൽ ഉപകരണം ഉപയോഗിക്കുകയാണെങ്കിൽ 300 രൂപ ക്രമത്തിലും അധികമായി വൈദ്യുതി ചാർജ്ജ് ഈടാക്കാൻ തീരുമാനിച്ച് നടപ്പിലാക്കുകയുണ്ടായി എന്ന് സമിതിയെ അറിയിച്ചിട്ടുണ്ട്. ഇത് അമിതമായ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന് സഹായകമാകുമെന്നും വൈദ്യുതി ഇനത്തിലുള്ള സർക്കാരിന്റെ ബാധ്യത പരിഹരിക്കാൻ കഴിയുമെന്നും സമിതി മനസ്സിലാക്കുന്നു. വൈദ്യുതി ഇനത്തിലുള്ള

സർക്കാരിന്റെ ഭാരിച്ച ചെലവ് കുറയ്ക്കുന്നതിനായി എല്ലാ മുറികളിലെ അന്തേവാസികളിൽ നിന്നും ഒരു നിശ്ചിത തുക വൈദ്യുതി ചാർജ് ഇനത്തിൽ ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഓരോ ഫ്ളോറിലും ഏതാനും കോമൺപ്ലഗ്സ് സ്ഥാപിക്കണമെന്നും ഡൈനിംഗ് ഹാളിൽ ഒരു കോമൺ ടി.വി. സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

9. മുറികളിൽ അതിഥികളെ താമസിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കരുതെന്നും അടിയന്തിര ഘട്ടങ്ങളിൽ രണ്ട് ദിവസം വരെ മാത്രം അന്തേവാസികൾക്കൊപ്പം വരുന്ന അതിഥികളെ മുൻകൂർ അനുമതിയോടുകൂടി താമസിപ്പിക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

10. അന്തേവാസികൾക്കായി ഒരു മൂവ്മെന്റ് രജിസ്റ്റർ സൂക്ഷിക്കണമെന്നും വൈകുന്നേരം 7 മണിക്കുശേഷം തിരികെ വരുന്നത് നിരുത്സാഹപ്പെടുത്തണമെന്നും എന്നാൽ ഓഫീസ് സംബന്ധമായ ആവശ്യങ്ങൾ കാരണം വൈകിയെത്തുന്നവർ അതിനു തക്കതായ രേഖകൾ കാണിക്കണമെന്ന് നിഷ്ക്കർഷിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

11. അന്തേവാസികളിൽ നിന്ന് ഈടാക്കുന്ന പ്രതിമാസ വാടകയായ 200 രൂപ വർഷങ്ങൾക്ക് മുമ്പ് നിശ്ചയിച്ചതാണെന്നും ആയത് കാലോചിതമായി വർദ്ധിപ്പിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

12. വനിതാ ജനപ്രതിനിധികൾ ഉൾപ്പെടുന്ന ഒരു ഉപദേശക സമിതി രൂപീകരിക്കുന്നതു നന്നായിരിക്കുമെന്നും ഹോസ്റ്റലിന്റെ പ്രവർത്തനം കുറ്റമറ്റതാക്കാൻ ഇത് സഹായിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു.

കെ. കെ. ശൈലജ ടീച്ചർ,
അദ്ധ്യക്ഷ
സ്ത്രീകളുടേയും കുട്ടികളുടേയും
വികലാംഗരുടേയും ക്ഷേമം
സബന്ധിച്ച സമിതി.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
2008, മാർച്ച് 11.

## അനുബന്ധം 1

### സമിതി (2004-06) യുടെ 16-ാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ ഗവൺമെന്റ് സ്വീകരിച്ച അനന്തര നടപടി റിപ്പോർട്ട്

| (1) | (2) |
|---|---|
| 1. ഗവൺമെന്റ് നളന്ദാ ഹോസ്റ്റലിൽ പ്രവേശനത്തിനുള്ള അപേക്ഷ കൊടുക്കുമ്പോൾ ഹോസ്റ്റലിൽ പാലിക്കേണ്ട പൊതുനിയമങ്ങളുടെ ഒരു പ്രോസ്പെക്റ്റസ് അപേക്ഷയോടൊപ്പം കൊടുക്കുക. അത് കർശനമായി പാലിക്കാൻ തയ്യാറാകാത്തവരെ അവിടെ നിന്നും പറഞ്ഞയക്കാൻ അധികൃതർ കർശന നിയമ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | ഇതിന് നടപടി എടുത്തു കഴിഞ്ഞു. |
| 2. ഹോസ്റ്റൽ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ ഹാജരാക്കുന്ന എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഓരോ വർഷവും വാങ്ങി ഫയൽ ചെയ്തു സൂക്ഷിക്കുക. പുതുതായി താമസിക്കാൻ വരുന്നവർക്ക് അഞ്ച് കൊല്ലത്തേക്ക് മാത്രം താമസിക്കാൻ അനുവാദം കൊടുക്കുക. വീണ്ടും അവിടെത്തന്നെ കഴിയണമെങ്കിൽ ഓരോരുത്തരുടെയും സാഹചര്യം വ്യക്തമായി മനസ്സിലാക്കി ആവശ്യമെങ്കിൽ നിയമഭേദഗതി ചെയ്യുക. ഹോസ്റ്റൽ അധികാരികളുടെ അറിവില്ലാതെ സ്ഥലം മാറിപ്പോകുന്ന പ്രവണത ഒഴിവാക്കാനായി ഹോസ്റ്റലിന്റെ നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നിർബന്ധമാക്കുക തുടങ്ങിയ നിർദ്ദേശങ്ങളിന്മേൽ അടിയന്തിരവും കർശനവുമായി നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പുതുതായി മുറികൾ അനുവദിച്ചിട്ടുള്ളവരിൽ നിന്നും എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് വാങ്ങി വരുന്നു. ഹോസ്റ്റൽ അധികാരികളുടെ അറിവില്ലാതെ സ്ഥലം മാറി പോകുന്ന പ്രവണത ഒഴിവാക്കാൻ ഹോസ്റ്റലിൽ എൻ.എൽ.സി. നിർബന്ധമാക്കുന്നതിന് ജി.ഒ.എം.എസ് 12/72 പി.ഡബ്ല്യു.ഡി. എന്ന ഉത്തരവിന് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി പ്രൊപ്പോസൽ ലഭിച്ച് കഴിഞ്ഞാൽ ആവശ്യമായ നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കുന്നതാണ്. |
| 3. ഒന്നിലധികം വീടുകൾ പണിത് വാടകയ്ക്ക് കൊടുത്തിട്ട് തിരുവനന്തപുരം നിവാസികളിൽ ചിലർ ഈ ഹോസ്റ്റൽ ഒരു ഇടത്താവളം എന്ന നിലയിൽ ഇവിടെ വന്നു താമസിക്കുന്നതായി സമിതി | തിരുവനന്തപുരം സ്വദേശികൾ ഹോസ്റ്റലിൽ മുറികൾക്ക് അപേക്ഷിക്കുമ്പോൾ തിരുവനന്തപുരത്ത് താമസിക്കാൻ വീടില്ലായെന്ന് ഉറപ്പ് വാങ്ങുന്നുണ്ട്. |

| (1) | (2) |
| --- | --- |
| മനസ്സിലാക്കുന്നു. ഇത് അകലെനിന്നും വരുന്ന അർഹതപ്പെട്ടവർക്ക് മുറി ലഭിക്കാതെ വരുന്നതിന് ഇടയാക്കുന്നു. ആകയാൽ അർഹതപ്പെട്ടവർക്കു മാത്രം മുറി ലഭ്യമാക്കാനുള്ള കർശന സംവിധാനം ഉണ്ടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | |
| 4. ഹോസ്റ്റലിലെ അന്തേവാസികളിൽ ചിലർ തങ്ങൾക്ക് ഇഷ്ടമില്ലാത്തവരോട് നിരന്തരം കലഹിക്കുകയും അസഭ്യവാക്കുകൾ പറയുകയും ചെയ്യുക പതിവാണെന്നും ചില അന്തേവാസികൾ ഹോസ്റ്റലിന്റെ നിയമാവലികൾ ലംഘിച്ചുകൊണ്ട് അസമയത്ത് ഹോസ്റ്റലിൽ എത്തുന്നതായും സമിതിക്ക് പല തവണ നേരിട്ടു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും വൈകിട്ട് ഹോസ്റ്റലിൽ എത്തുന്നതിന് കൃത്യസമയം നിഷ്കർഷിക്കണമെന്നും ഇതു പാലിക്കാത്തവരെ ഹോസ്റ്റലിൽ നിന്നും പുറത്താക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. | എസ്റ്റേറ്റ് ഓഫീസർ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 5. ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് പുറത്തു പോകുന്നതിനും വരുന്നതിനും കർശന നിയന്ത്രണമേർപ്പെടുത്തണമെന്നും അതിനായി ഒരു മൂവ്മെന്റ് രജിസ്റ്റർ സൂക്ഷിക്കണമെന്നും സന്ദർശന വേളയിൽ സമിതി അഭിപ്രായപ്പെട്ടു. ഹോസ്റ്റലിലെ എല്ലാ അന്തേവാസികളും 7 മണിക്കുള്ളിൽ തിരികെ എത്തണമെന്നും 7 മണിക്ക് തിരിച്ചെത്താൻ സാധിക്കാത്തവർ വകുപ്പ് തലവന്റെ കത്ത് നേരത്തെ വാങ്ങി വാർഡനെ ഏൽപ്പിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത നിയമം പാലിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | മൂവ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. 7 മണിക്ക് തിരിച്ചെത്താത്തവർക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓർഡർ വാങ്ങണമെന്നുണ്ട്. |

| (1) | (2) |
| --- | --- |
| 6. താമസക്കാരില്ലാതെ ദീർഘനാളായി പൂട്ടിയിട്ടിരിക്കുന്ന മുറികൾ അവരുടെ സ്ഥിരം മേൽവിലാസത്തിൽ രജിസ്റ്റേർഡ് കത്തയച്ചശേഷം ബലമായി ഒഴിപ്പിക്കണമെന്നും അവയിൽ സൂക്ഷിച്ചിരിക്കുന്ന സാധനങ്ങൾ നശിപ്പിച്ചു കളയുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കമെന്നും സമിതി ആവശ്യപ്പെടുന്നു. | താമസക്കാരില്ലാതെ ദീർഘനാളായി പൂട്ടിയിരിക്കുന്ന 8 മുറികൾ 2004 മാർച്ച് 16-ാം തീയതി പോലീസിന്റെ സാന്നിദ്ധ്യത്തിൽ ഒഴിപ്പിക്കുകയും അവരുടെ സാധനങ്ങൾ മഹസ്സർ തയ്യാറാക്കി പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്. |
| 7. ഓഫീസ് നടപടിക്രമം അനുസരിച്ചുള്ള എല്ലാ രേഖകളും ഹോസ്റ്റലിൽ സൂക്ഷിക്കുന്നതിനും പരാതികൾ സ്വീകരിച്ച് അവയ്ക്ക് രേഖാമൂലമുള്ള മറുപടി നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നും വൃത്തിഹീനമായി കിടക്കുന്ന ഹോസ്റ്റലും പരിസരവും ശുചിയായി സൂക്ഷിക്കാൻ നിയോഗിക്കപ്പെട്ടവരുടെ ഉത്തരവാദിത്വം കൃത്യമായി നിറവേറ്റുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. | എസ്റ്റേറ്റ് ഓഫീസർ ഇതിനകം തന്നെ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 8. ഹോസ്റ്റൽ കെട്ടിടത്തിനാവശ്യമായ റിപ്പയറിംഗ് യഥാസമയങ്ങളിൽ നടത്തണമെന്നും ഹോസ്റ്റലിലെ വരാന്തകളിലും കോണിപ്പടികളിലും വെളിച്ചം ലഭിക്കുന്നതിന് അവശ്യം വേണ്ട ഇലക്ട്രിക്ക് അറ്റകുറ്റപ്പണികൾ നടത്തണമെന്നും ബാത്ത് റൂമുകളിൽ ആവശ്യമായ വെള്ളം എത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്നും അവ വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി ആവശ്യപ്പെടുന്നു. | ഇക്കാര്യങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 9. അനധികൃതമായി ചിലർ ഹോസ്റ്റൽ മുറികളിൽ താമസിക്കുന്നതായി സമിതിയുടെ അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. ഇതേപ്പറ്റി ബന്ധപ്പെട്ടവർ അന്വേഷണം നടത്തി അവരെ ഒഴിപ്പിക്കണമെന്നും അവർ ഒരു നിശ്ചിത | അനധികൃത താമസക്കാരെ ഒഴിപ്പിക്കുന്നതിന് ഇതിനകം തന്നെ നടപടി സ്വികരിച്ചിട്ടുണ്ട്. |

| (1) | (2) |
|---|---|
| സമയത്തിന് ഒഴിഞ്ഞില്ലെങ്കിൽ വേണ്ടി വന്നാൽ പോലീസ് സഹായത്തോടെ ഒഴിപ്പിക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കണമെന്നും പ്രസ്തുത മുറികൾ അർഹരായ അപേക്ഷകർക്ക് മുൻഗണനാ ക്രമത്തിൽ അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | |
| 10. ഹോസ്റ്റൽ നിയമങ്ങൾക്ക് വിരുദ്ധമായി പല മുറികളിലും കുട്ടികളേയും കുട്ടികളെ നോക്കുന്നതിനുവേണ്ടി ആയമാരേയും താമസിപ്പിച്ചിട്ടുള്ളതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. | അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ള ആയമാരെ ഇതിനകം തന്നെ ഒഴിപ്പിച്ചിട്ടുണ്ട്. എന്നാൽ മാനുഷിക പരിഗണന അനുസരിച്ച് കുട്ടികളെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| 11. ഹോസ്റ്റലിൽ അതിഥികളെ താമസിപ്പിക്കുന്നതിന് അർഹതപ്പെട്ട സർക്കാർ ജീവനക്കാർക്ക് പ്രവേശനം ലഭിക്കുന്നതിന് തടസ്സമുളവാക്കുന്നതായും ആകയാൽ അത്തരം അതിഥികളെ ഒരു ക്ലിപ്ത ദിവസത്തിനപ്പുറം താമസിപ്പിക്കുന്നത് ആശാസ്യമല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ആകയാൽ അതിഥികളെ താമസിപ്പിക്കുന്നതിന് ഒരു നിശ്ചിത ദിവസ പരിധി ഏർപ്പെടുത്തണമെന്നും ഇത്തരം അതിഥികളിൽ നിന്നും ഈടാക്കുന്ന വാടക വർദ്ധിപ്പിക്കണമെന്നും ഇവരുടെ വിശദ വിവരങ്ങൾക്കായി ഒരു ഗസ്റ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | അഞ്ച് ദിവസത്തിൽ കൂടുതൽ താമസിക്കുന്ന ഗസ്റ്റുകളെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന് ഗസ്റ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. |
| 12. പൊതുമരാമത്ത് വകുപ്പിന്റെ അറിവോ സമ്മതമോ കൂടാതെ ഹോസ്റ്റലിലെ അന്തേവാസികൾ പലവിധ ഇലക്ട്രിക് ഉപകരണങ്ങളായ ടി.വി., ഫ്രിഡ്ജ്, മിക്സി, ഹീറ്റർ തുടങ്ങിയവ സ്വന്തം മുറികളിൽ | നിലവിലുള്ള സാഹചര്യത്തിൽ വൈദ്യുതി ഉപകരണങ്ങളുടെ ഉപയോഗം പൂർണ്ണമായി തടയുവാൻ നിർവ്വാഹമില്ല. |

306/2008.

| (1) | (2) |
| --- | --- |
| സ്ഥാപിച്ചിട്ടുള്ളതും അവ യഥേഷ്ടം ഉപയോഗിക്കുന്നതായും അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ഇപ്രകാരം അനധികൃത മായി വൈദ്യുതോപകരണങ്ങൾ ഉപയോഗി ക്കുന്നതു കാരണം വൈദ്യുതി ചാർജ്ജിന ത്തിൽ ഭീമമായ തുക കുടിശ്ശികയിനത്തിൽ ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ടതാ യിട്ടുണ്ട് എന്ന് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ആകയാൽ അമിതമായ വൈദ്യുത ചാർജ്ജ് കുറയ്ക്കാൻ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | അതുകൊണ്ട് അത്തരം ഉപകരണം ഉപയോഗിക്കുന്നവരിൽ നിന്നും അധിക ചാർജ്ജ് ഈടാക്കാൻ നടപടി സ്വീകരി ക്കുന്നതാണ്. |
| 13. അന്തേവാസികളിൽ ചിലർ അവ രുടെ ചെലവിൽ ഹോസ്റ്റൽ അധികൃതരുടെ അറിവോ സമ്മതമോ കൂടാതെ ഫോൺ കണക്ഷൻ സ്ഥാപിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയത് പരിശോധിച്ച് നിയമ നടപടികൾ സ്വീകരിക്കണമെന്നും അന്തേവാസികളുടെ ഉപയോഗത്തിനായി ഒരു പൊതു ടെലഫോൺ സ്ഥാപിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | ഇത്തരം അനധികൃത കണക്ഷൻ കട്ട് ചെയ്യുന്നതിന് ബി.എസ്.എൻ.എൽ.നോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. പൊതു ഉപയോഗത്തിനായി രണ്ട് ഫോൺ നില വിലുണ്ട്. കേടായി കിടക്കുന്നതു നന്നാ ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 14. സർവ്വീസിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞ ചിലർ മുറികൾ ഒഴിയാതെ തുടരുന്നതായി സമിതിക്ക് നേരിട്ട് ബോദ്ധ്യമായിട്ടുള്ളതാണ്. ആകയാൽ ഇത്തരക്കാരെ ഒഴിപ്പിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് സമിതി ആവശ്യപ്പെടുന്നു. | ഇത്തരം രണ്ട് പേർ ഉണ്ട്. അവരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചി ട്ടുണ്ട്. |
| 15. ഉപയോഗ ശൂന്യമായ വസ്തു ക്കൾ നിർമാർജ്ജനം ചെയ്യുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് സമിതിയുടെ 4-7-2002-ലെ ഹോസ്റ്റൽ സന്ദർശന വേളയിൽ മനസ്സിലാക്കാൻ കഴിഞ്ഞു. ആകയാൽ പ്രസ്തുത വസ്തു ക്കൾ നീക്കം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ആവശ്യപ്പെടുന്നു. | ഉപയോഗശൂന്യമായ വസ്തുക്കൾ നീക്കം ചെയ്തിട്ടുണ്ട്. |

| (1) | (2) |
|---|---|
| 16. നളന്ദാ ഹോസ്റ്റലിൽ ഒരു പൊതു അടുക്കള സംവിധാനം ഇല്ലാത്തതിനാൽ അന്തേവാസികൾ അവരവരുടെ മുറികളിൽത്തന്നെ ആഹാരം പാകം ചെയ്യുന്നതായും ഇപ്രകാരം മുറികൾ വൃത്തിഹീനമാകാനും പരിസരം മലിനമാകാനും ഇടയാക്കുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടു. 150 പേർക്ക് ഭക്ഷണം പാകം ചെയ്യാനും ഊണുകഴിക്കാനുമുളള അടുക്കള, ഡൈനിംഗ് ഹാൾ, പാത്രങ്ങൾ, ഫർണിച്ചർ എന്നിവ നിലവിലുളളപ്പോൾ മുറികളിൽ ആഹാരം പാകം ചെയ്യുന്നത് തീരെ ആശാസ്യമല്ലെന്നും അത് ഒഴിവാക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ അധീനതയിലുള്ള ഹോസ്റ്റലുകളിലൊന്നും ആഹാരം സ്വയം പാകം ചെയ്യാൻ അനുവദിച്ചിട്ടുമില്ല. ആകയാൽ കുടുംബശ്രീ പോലുള്ള സംഘടനകളിൽ നിന്നും സ്ത്രീകളുടെ സേവനം ലഭ്യമാക്കി മെസ്സ് നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | ഇതിനുവേണ്ടി ശ്രമം നടത്തിനോക്കിയെങ്കിലും അന്തേവാസികളുടെ സഹകരണം ഇല്ലാത്തതിനാൽ വേണ്ടെന്ന് വയ്ക്കുകയാണുണ്ടായത്. |
| 17. സമിതിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കേണ്ടതാണ്. | മാനേജ്മെന്റ് കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ ഇതുവരെ നടപടികൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. |
| 18. ഹോസ്റ്റലിന്റെ പ്രവർത്തനം സംബന്ധിച്ച നിയമാവലിയും അന്തേവാസികളും ഗസ്റ്റുകളുമായി താമസിക്കുന്നവരും സന്ദർശകരും പാലിക്കേണ്ട നിയമ വ്യവസ്ഥകളും അച്ചടിച്ച് എല്ലാ മുറികളിലും ഹോസ്റ്റലിന്റെ പാർലറിലും പതിപ്പിക്കുക, അന്തേവാസികളായ ഓരോ വ്യക്തിയുടെ പേരും ഔദ്യോഗിക മേൽ വിലാസവും അടങ്ങിയ ഒരു ബോർഡ് ഓഫീസ് റൂമിൽ പ്രദർശിപ്പിക്കുക, ഓരോ മുറിയിലും സാധനങ്ങളെ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ | അന്തേവാസികളുടെ പേരും മേൽവിലാസവും അടങ്ങിയ ബോർഡ് ഹോസ്റ്റൽ പാർലറിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. |

| (1) | (2) |
|---|---|
| രേഖപ്പെടുത്തി സൂക്ഷിക്കുക തുടങ്ങിയ കാര്യങ്ങളിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | |
| 19. പകൽ സമയത്ത് ഹോസ്റ്റൽ നിയന്ത്രിക്കുന്നതിന് ആരുമില്ലാത്തതിനാൽ 24 മണിക്കൂറും ഹോസ്റ്റലിന്റെ പ്രവർത്തനം നിയന്ത്രിക്കാൻ കഴിവുള്ള ഒരു വനിതാ വാർഡന്റെ സേവനം അത്യന്താപേക്ഷിതമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത വാർഡന്റെ നിയമനം സംബന്ധിച്ച വിശദ വിവരങ്ങൾ സമിതിയെ അറിയിക്കണമെന്നും അതിനുള്ള സത്വര നടപടികൾ കൈക്കൊള്ളണമെന്നും സമിതി ആവശ്യപ്പെടുന്നു. കൂടാതെ വനിതാ വാർഡനോടൊപ്പം ഒരു വനിതാ പോലീസിനെ കൂടി നിയമിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | നളന്ദാ ഹോസ്റ്റൽ വനിതാ വികസന കോർപ്പറേഷന് കൈമാറണമെന്ന ഒരു ആവശ്യം സാമൂഹ്യക്ഷേമ വകുപ്പ് ഉന്നയിച്ചിട്ടുണ്ട്. ഈ ആവശ്യം പരിശോധിച്ചുവരികയാണ്. കൂടാതെ വാർഡന്റെ തസ്തിക സൃഷ്ടിക്കുകയാണെങ്കിൽ പൊതുമരാമത്തു വകുപ്പിൽ വാർഡൻമാരായി നിയമിക്കപ്പെടാൻ യോഗ്യരായ വനിതകൾ ഇല്ലെങ്കിൽ സാമൂഹ്യക്ഷേമ വകുപ്പിൽ നിന്ന് വനിതാ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നല്കുന്ന കാര്യം പരിഗണിക്കാമെന്ന് പ്രസ്തുത വകുപ്പ് സമ്മതിച്ചിട്ടുണ്ട്. കൂടാതെ വനിതാ പോലീസിനെ നിയമിക്കണമെന്ന നിർദ്ദേശം പരിശോധിക്കുവാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| 20. ചില സെയിൽസ് ഏജന്റുമാർ ഹോസ്റ്റലിൽ സന്ദർശിക്കാറുണ്ടെന്ന് ഹോസ്റ്റൽ സന്ദർശന വേളയിൽ സമിതിക്കു നേരിട്ടു ബോദ്ധ്യമായി. ആകയാൽ ഹോസ്റ്റൽ ഒരു കച്ചവട സ്ഥലമായി മാറത്തക്കവിധത്തിൽ തരംതാഴാതിരിക്കുന്നതിനായി കർശന നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 21. അന്യ സ്ഥലങ്ങളിൽ നിന്നും തിരുവനന്തപുരം ജില്ലയിൽ ജോലി ലഭിച്ചു വരുന്ന വനിതാ ജീവനക്കാർക്ക് നാട്ടിൽ അവരുടെ പിഞ്ചുകുഞ്ഞുങ്ങളെയും സ്കൂളിൽ പഠിക്കുന്ന കുട്ടികളെയും നോക്കാൻ ആരുമില്ലാത്ത അവസ്ഥയാണ് ഇന്ന് മിക്ക വീടുകളിലും നിലനിൽക്കുന്നത്. ഈ അവസ്ഥ സ്ത്രീ ജീവനക്കാർക്ക് വളരെയധികം | വനിതാ ജീവനക്കാർക്കൊപ്പം അവരുടെ കുട്ടികളെ താമസിപ്പിക്കുന്ന തരത്തിൽ ഹോസ്റ്റൽ നടത്തിക്കൊണ്ടുപോകുക എന്നത് വളരെ വിഷമകരമാണ്. ആയതിനാൽ കൂടുതൽ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി ചീഫ് എഞ്ചിനീയർ നടപടി സ്വീകരിച്ചു വരുന്നു. |

| (1) | (2) |
|---|---|
| മാനസിക സംഘർഷമുണ്ടാക്കുന്നതിനും ഇത് അവരുടെ ജോലിയെ സാരമായി ബാധിക്കുന്നതിനും ഇടയാക്കുന്നു. ആകയാൽ ഇത്തരം പ്രശ്നങ്ങളുള്ള വനിതാ ജീവനക്കാരുടെ പെൺകുട്ടികളെയും 10 വയസ്സിൽ താഴെയുള്ള ആൺകുട്ടികളെയും കൂടെ താമസിപ്പിക്കുന്നതിനായി സർക്കാർ തലത്തിലോ സന്നദ്ധ സംഘടനകളുടെ സഹായത്താലോ ഉള്ള ഹോസ്റ്റലുകൾ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | |
| 22. ജീവനക്കാർ പെൻഷൻ പറ്റി പിരിയുകയോ സ്ഥലം മാറി പോകുകയോ ചെയ്യുന്ന അവസരത്തിൽ ഹോസ്റ്റലിന്റെ ബാദ്ധ്യത തീർത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഈ വിവരം ഓർമ്മപ്പെടുത്തുന്നതിനായി പൊതുമരാമത്തു വകുപ്പിൽ നിന്നും വിവിധ വകുപ്പുകൾക്ക് മേൽപ്പറഞ്ഞ നിർദ്ദേശങ്ങളടങ്ങിയ സർക്കുലറുകൾ കാലാകാലങ്ങളിൽ അയച്ചുകൊടുക്കണമെന്നും അന്തേവാസികൾ ജോലിചെയ്യുന്ന വകുപ്പുകളിലേക്ക് കോപ്പികൾ അയച്ചുകൊടുത്ത് കൈപ്പറ്റി രസീതുകൾ സൂക്ഷിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

## അനുബന്ധം-2

### നളന്ദാ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 16-8-2007-ലെ തെളിവെടുപ്പ് യോഗത്തിനുള്ള ചോദ്യാവലി

1. നളന്ദ വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ ആർക്കൊക്കെയാണ് മുറി അനുവദിച്ചു നൽകുന്നത് ? അതു സംബന്ധിച്ച് എന്തെങ്കിലും Guidelines ഉണ്ടോ ? മുറി അനുവദിച്ചു നൽകാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ആരാണ് ?

2. നളന്ദാഹോസ്റ്റലിൽ സംസ്ഥാന സർക്കാർ, സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്ക് മാത്രമേ പ്രവേശനം നൽകാവൂ എന്ന് 1996-98-ലെ സമിതിയുടെ മൂന്നാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്യുകയും ശുപാർശ ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തിരുന്നു. അത്തരം സ്ഥാപനങ്ങളിലെ ജീവനക്കാർ അല്ലാതെ ആർക്കൊക്കെ മുറി അനുവദിച്ചു നൽകിയിട്ടുണ്ട് ? ഇവർ ഓരോരുത്തരും എത്ര നാളായി ഇവിടെ താമസിക്കുന്നു ?

3. റൂം ലഭിക്കുന്നതിനുവേണ്ടി അപേക്ഷ നൽകിയിട്ട് കാത്തിരിക്കുന്ന എത്ര പേർ ഉണ്ട് ?

4. ശ്രീമതി ജസീന്ത മോറീസിന് എന്നാണ് മുറി അനുവദിച്ചു നൽകിയത് ? ഇവർ ഏതു സ്ഥാപനത്തിലെ ഉദ്യോഗസ്ഥയാണ് ?

5. ഹോസ്റ്റലിലെ അന്തേവാസികളും സന്ദർശകരും പാലിക്കേണ്ട നിയമാവലി തയ്യാറാക്കിയിട്ടുണ്ടോ ? എങ്കിൽ എന്തൊക്കെയാണ് ?

6. മാനേജ്മെന്റ് കമ്മിറ്റി നിലവിൽ ഉണ്ടോ ? അതിലെ അംഗങ്ങൾ ഇപ്പോൾ ആരൊക്കെയാണ് ?

7. അന്തേവാസികളുടെ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഓരോ വർഷവും വാങ്ങി സൂക്ഷിക്കാറുണ്ടോ ? അഞ്ചു വർഷത്തിൽ കൂടുതലായി ഇപ്പോഴും ഇവിടെ താമസിക്കുന്നവർ ആരൊക്കെയാണ് ?

8. അന്തേവാസികൾ വൈകുന്നേരം 7 മണിക്കുള്ളിൽ തിരികെ എത്തണമെന്നും, അങ്ങനെ തിരിച്ചെത്താൻ കഴിയാത്തവർ വകുപ്പു തലവന്റെ കത്ത് വാങ്ങി വാർഡനെ ഏൽപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്തിരുന്നു. ഇതു പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ?

9. സമിതിയുടെ (2004-06) 16-ാമത് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന 36 അനധികൃത താമസക്കാരെ എല്ലാവരെയും ഒഴിപ്പിച്ചുവോ ?

10. ഹോസ്റ്റലിന്റെ അറ്റകുറ്റ പണികൾ യഥാസമയം നടത്താറുണ്ടോ ? ഇതിന്റെ Maintenance-ന് വേണ്ടി എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത് ?

11. മുറികളിൽ ഉപയോഗിക്കുന്ന ഇലക്ട്രിക് ഉപകരണങ്ങൾക്ക് എത്ര രൂപാവീതമാണ് കറണ്ടുചാർജ് ഇനത്തിൽ അധികമായി ഈടാക്കുന്നത്? ഇപ്പോൾ ഈ ഹോസ്റ്റലിന്റെ കറണ്ടുബിൽ എത്രയാണ്? അന്തേവാസികളിൽ നിന്നും ഈടാക്കുന്ന തുക ഇതിനു പര്യാപ്തമാണോ? ഇപ്പോൾ ഈടാക്കുന്ന വാടക എത്രയാണ് ?

12. സ്ഥിരമായി ഒരു ചീഫ് വാർഡനെയും അസിസ്റ്റന്റ് വാർഡനെയും നിയമിക്കുന്നതിനുള്ള നടപടി ഏതു വരെയായി ?

13. വാർഡന്റെ ചുമതലകൾ എന്തൊക്കെയാണ് ? വാർഡനെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണ് ?

14. സംസ്ഥാന സർവ്വീസിലോ, സംസ്ഥാന നിയന്ത്രണ സ്ഥാപനത്തിലോ ജോലി ചെയ്യുന്ന ജീവനക്കാർക്കായി പ്രവേശനം പരിമിതപ്പെടുത്തണമെന്ന സമിതി ശുപാർശ ഗവൺമെന്റ് അംഗീകരിച്ചിരിക്കെ, അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ ജീവനക്കാരിയെ വാർഡനായി നിയമി ക്കാനുള്ള സാഹചര്യം എന്തായിരുന്നു ?

## ചോദ്യാവലിക്കുള്ള മറുപടി

1. നളന്ദ വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അവരുടെ അഭാവത്തിൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള അർദ്ധ സർക്കാർ ജീവനക്കാർക്കും കേന്ദ്ര സർക്കാർ ജീവനക്കാർക്കും മുൻഗണനാക്രമത്തിലാണ് മുറി അനുവദിച്ചു നൽകുന്നത്. ഇതു സംബന്ധിച്ച് ഒരു ഗൈഡ്‌ലൈൻ മാതൃകയിൽ 15-1-2007-ലെ ജി.ഒ.എം.എസ്.12/72/പി.ഡബ്ല്യു.ഡി. നമ്പരിൽ ഒരു സർക്കാർ ഉത്തരവു നിലവിലുണ്ട്. മുറി അനുവദിച്ചു നൽകാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പി.ഡബ്ല്യു.ഡി. കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആകുന്നു.

2. നളന്ദ ഹോസ്റ്റലിൽ സംസ്ഥാന സർക്കാർ, സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ അല്ലാതെ താഴെ പറയുന്ന കേന്ദ്ര സർക്കാർ ജീവനക്കാരും അവരുടെ പേരിനോടു ചേർത്തിരിക്കുന്ന കാലയളവു മുതൽ താമസിക്കുന്നുണ്ട്.

| ക്രമ നമ്പർ | മുറിനമ്പർ | പേര് ഔദ്യോഗിക വിലാസം | ഏതു മാസം മുതൽ താമസിക്കുന്നു |
|---|---|---|---|
| 1. | 306 | ജി. ലക്ഷ്മി,<br>ഏജീസ് ഓഫീസ്,<br>തിരുവനന്തപുരം | 4/06 |
| 2. | 324 | അബീസാഅസീസ്,<br>സീനിയർ ആഡിറ്റർ,<br>ഏജീസ് ഓഫീസ്,<br>തിരുവനന്തപുരം | 11/05 |
| 3 | 410 | ജസീന്താമോറിസ്,<br>സീനിയർ അക്കൗണ്ടന്റ്,<br>ഏജീസ് ഓഫീസ്,<br>തിരുവനന്തപുരം | 7/05 |

3. റൂം ലഭിക്കുന്നതിനുവേണ്ടി അപേക്ഷ നൽകിയിട്ടു കാത്തിരിക്കുന്ന 44 പേർ 13-8-2007-ൽ നിലവിലുണ്ട്.

4. ശ്രീമതി. ജസീന്താമോറിസിനു 7/05-ലാണ് മുറി അനുവദിച്ചു നൽകിയത്. ഇവർ തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ ഉദ്യോഗസ്ഥയാണ്.

5. ഹോസ്റ്റലിലെ അന്തേവാസികളും സന്ദർശകരും പാലിക്കേണ്ട നിയമാവലി തയ്യാറാക്കിയിട്ടുണ്ട്.

6. തിരുവനന്തപുരം നളന്ദ വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ വച്ച് 12-7-2007-ന് വൈകുന്നേരം 5.30-ന് പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരുടെയും അന്തേവാസികളുടെയും ഒരു യോഗം ചേർന്ന് ഒരു മാനേജ്മെന്റ് കമ്മിറ്റിയെ തിരഞ്ഞെടുത്തിട്ടുണ്ട്.

7. അന്തേവാസികൾ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് എല്ലാവർഷവും ജനുവരി മാസം 1-ാം തീയതിയും ജൂലായ് മാസം 1-ാം തീയതിയും എസ്റ്റേറ്റ് ഓഫീസർക്ക് സമർപ്പിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗം അന്തേവാസികളും അതു പാലിക്കുന്നില്ല.

8. വൈകുന്നേരം 7 മണിക്കുള്ളിൽ തിരികെ ഹോസ്റ്റലിൽ എത്താൻകഴിയാത്ത അന്തേവാസികൾ വകുപ്പുതലവന്റെ കത്തുവാങ്ങി എക്സിക്യൂട്ടീവ് എഞ്ചിനീയറെ കൊണ്ട് സാക്ഷ്യപ്പെടുത്തി വാർഡനെ ഏൽപ്പിക്കേണ്ടതും ആ വിവരം ഹോസ്റ്റിലെ വാച്ചുമാന്റെ മുറിയിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

9. സമിതിയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അനധികൃത താമസക്കാരെ മിക്ക പേരെയും ഒഴിപ്പിച്ചതായാണ് ഓഫീസ് രേഖകൾ പരിശോധിച്ചതിൽ തെളിഞ്ഞിട്ടുള്ളത്.

10. ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താറുണ്ട്. ഇതിന്റെ മെയിന്റനൻസിനുവേണ്ടി മാത്രമായി പ്രത്യേകം തുക വകയിരുത്താറില്ല. കഴിഞ്ഞ വർഷം അറ്റകുറ്റപ്പണികൾക്കായി 8,14,331 രൂപ ചെലവഴിച്ചിട്ടുണ്ട്.

11. മുറികളിൽ ഉപയോഗിക്കുന്ന ഇലക്ട്രിക് ഉപകരണങ്ങൾക്ക് നിലവിൽ കറണ്ട് ചാർജ്ജ് ഇനത്തിൽ യാതൊരു തുകയും ഈടാക്കുന്നില്ല. കാരണം ഓരോ മുറിയിലും പ്രത്യേകമായി വൈദ്യുതമീറ്റർ സ്ഥാപിച്ചിട്ടില്ല. ഇങ്ങനെ ഓരോ മുറിയിലും പ്രത്യേകമായി മീറ്ററുകൾ സ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ വിഭാഗത്തിനോട് ശുപാർശ ചെയ്തിട്ടുണ്ട്. ഇപ്പോൾ ഈ ഹോസ്റ്റലിന്റെ കറന്റ് ബിൽ ശരാശരി 35,000 രൂപ വരുന്നുണ്ട്. അന്തേവാസികളിൽ നിന്നും ഈടാക്കുന്ന തുക ഇതിനു പര്യാപ്തമല്ല. ഇപ്പോൾ പ്രതിമാസം 200 രൂപയാണ് വാടകയിനത്തിൽ ഒരു അന്തേവാസിയിൽ നിന്ന് ഈടാക്കുന്നത്.

12. സ്ഥിരമായി ഒരു വാർഡനേയും അസിസ്റ്റന്റ് വാർഡനേയും നിയമിക്കാനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

13. വാർഡന്റെ ചുമതലകൾ അന്തേവാസികൾ ഹോസ്റ്റലിൽ നിന്നും പോകുകയും വരുകയും ചെയ്യുന്ന സമയക്രമം നിരീക്ഷിക്കുക. അന്തേവാസികളുടെ മറ്റു ബുദ്ധിമുട്ടുകൾ പരിഹരിക്കുക തുടങ്ങിയവയാണ്. ഒരു സ്ഥിരം വാർഡന്റെ നിയമനം ഇല്ലാത്തതിനാൽ പ്രത്യേക നിയമാവലി തയ്യാറാക്കിയിട്ടില്ല.

14. ഹോസ്റ്റലിലെ അന്തേവാസികളുടെ യോഗം 11/06-ൽ ഹോസ്റ്റലിൽ വച്ച് കൂടുകയും പുതിയതായി ഒരു വാർഡനെ തെരഞ്ഞെടുക്കുന്നതിന് വേണ്ടി അന്തേവാസികളിൽ നിന്നും ആരും തയ്യാറാകാത്ത സാഹചര്യത്തിൽ അതിനു സ്വമേധയാ മുന്നോട്ടുവന്ന ശ്രീമതി ജസീന്താമോറിസിനെ ചുമതലപ്പെടുത്തുകയാണുണ്ടായത്. അന്തേവാസികൾക്ക് അവരെ ഉൾക്കൊള്ളാൻ കഴിയുന്നില്ലെന്ന് മനസ്സിലായപ്പോൾ 12-7-2007-ന് യോഗം ചേർന്ന് അവരെ ആ സ്ഥാനത്തു നിന്നും മാറ്റുകയുണ്ടായി.